**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 450** **30-01-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ ഏകീകൃതസർവ്വീസിൽ സ്പാർക്ക് പ്രാവർത്തികമാക്കുന്നത്.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ ഏകീകൃത സർവ്വീസിൽ സ്പാർക്ക് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകപ്പിൽ നിന്നും ധനകാര്യ വകുപ്പിലേക്ക് നൽകിയിട്ടുള്ള ശിപാർശയിന്മേൽ / ഫയലിന്മേൽ എന്ത് തുടർ നടപടിയാണ് ധനകാര്യ വകുപ്പിന്റെ ഭാഗത്ത് നിന്നും കൈക്കൊണ്ടിട്ടുള്ളതെന്ന കാര്യം വ്യക്തമാക്കാമോ; | (എ) | പ്രസ്തുത വിഷയം വകുപ്പ് പരിശോധിച്ച് വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട ഫയലിന്മേൽ ധനകാര്യവകുപ്പ് മന്ത്രി പ്രത്യേകമായി എന്തെങ്കിലും ഉത്തരവോ നിർദ്ദേശമോ നൽകിയിട്ടുണ്ടോ എന്നും എങ്കിൽ പ്രസ്തുത നിർദേശത്തിന്റെ / ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികളും, തീരുമാനങ്ങളും ധനകാര്യവകുപ്പിൽ നിന്നും കൈക്കൊണ്ടിട്ടുണ്ടോ എന്നതും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ ജീവനക്കാരുടെയും ഡാറ്റ സ്പാർക്കിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ അനുകൂല തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ശിപാർശ സഹിതം ലഭ്യമാക്കിയ ഫയലിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി "examine the intertransferability of SPARK and G-SPARK urgently" എന്ന് ഉത്തരവായിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്കീംലൈനിങ്, സ്പാർക്ക്, ബഡ്ജറ്റ്- ജെ എന്നീ വകുപ്പുകൾ 17/08/2023 ന് യോഗം ചേരുകയും, ജീവനക്കാർക്ക് പരസ്പര സ്ഥലംമാറ്റത്തിനുള്ള (intertransferability) നിരവധി ശിപാർശകൾ മുന്നോട്ട് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ ശിപാർശകളിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. |
| (സി) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഏകീകരണത്തെ തുടർന്ന് സ്പാർക്ക് നിലവിലുണ്ടായിരുന്ന ഓഫീസുകളിൽ നിന്നും പഞ്ചായത്തുകളിലേക്കും, നഗരസഭകളിലേക്കും സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ജീവനക്കാർ നേരിടുന്ന പ്രതിസന്ധിയും, സർവ്വീസ് | (സി) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഏകീകരണത്തെ തുടർന്ന് സ്പാർക്ക് നിലവിലുണ്ടായിരുന്ന ഓഫീസുകളിൽ നിന്നും പഞ്ചായത്തുകളിലേക്കും, നഗരസഭകളിലേക്കും സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ജീവനക്കാർ നേരിടുന്ന പ്രതിസന്ധിയും, സർവ്വീസ് സംബന്ധമായ പ്രശ്നങ്ങളും |

| | | | |
|---|---|---|---|
| | സംബന്ധമായ പ്രശ്നങ്ങളും കണക്കിലെടുത്ത് ഇക്കാര്യത്തിൽ അനുകൂലമായ ഉത്തരവ് ധനകാര്യ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ? | | **കണക്കിലെടുത്ത് ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ